# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4439 26-06-2014 -ൽ മറുപടിക്ക്

## കോവളം മണ്ഡലത്തിൽ കാലവർഷക്കെടുതികൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. ജമീലാ പ്രകാശം** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഈയിടെ കാലവർഷക്കെടുതിമൂലം കോവളം നിയോജക മണ്ഡലത്തിൽ കല്ലിയൂർ, വെങ്ങാന്നൂർ, വിഴിഞ്ഞം, കോട്ടുകാൽ, കാഞ്ഞിരംകുളം, കരുംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; | എ) | കണക്കാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | വില്ലേജ് അടിസ്ഥാനത്തിലുള്ള കൃഷിനാശത്തിന്റേയും ഭവന നാശത്തിന്റേയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഈ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് എന്നേക്ക് നഷ്ടപരിഹാരം നൽകാനാണ് ഉദ്ദേശിക്കുന്നത്; | സി) | വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരതുക അനുവദിച്ചു വരുന്നു. കൃഷി നാശത്തിന് മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ച് ആശ്വാസ ധനസഹായം നൽകുന്നതിനായി ഒരു കോടി രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും ഫണ്ടിന്റെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) | 2012 ഏപ്രിൽ തൊട്ട് പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | കുടിശ്ശിക ഉൾപ്പെടെ കൃഷി നാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായം നൽകുന്നതിന് 1 കോടി രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. അത് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | ഉടനടി നഷ്ടപരിഹാരം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വില്ലേജ് | വീടുകളുടെ എണ്ണം | നഷ്ടം തുക (രൂപയിൽ) | കർഷകരുടെ എണ്ണം | കൃഷി നാശം തുക (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|---|
| കല്ലിയൂർ | 42 | 3,95,500/- | 150 | 13,30,000/- | 17,25,500/- |
| വെങ്ങാനൂർ | 155 | 14,94,500/- | 158 | 15,24,000/- | 30,18,500/- |
| വിഴിഞ്ഞം | 70 | 10,54,500/- | 40 | 10,40,000/- | 20,94,500/- |
| കോട്ടുകാൽ | 6 | 1,25,700/- | 48 | 4,23,000/- | 5,48,700/- |
| കാഞ്ഞിരംകുളം | 0 | 0 | 2 | 4,500/- | 4,500/- |
| കരുംകുളം | 3 | 42,000/- | 0 | 0 | 42,000/- |
| തിരുപുറം | 17 | 2,03,520/- | 47 | 86,000/- | 2,89,520/- |

സെക്ഷൻ ഓഫീസർ